**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 12 ബുധൻ**

---

# പ്രളയാനന്തരം പ്രഖ്യാപിച്ച വീടിന്റെ നിർമ്മാണം പൂർത്തിയായി

ആലപ്പുഴ: സംസ്ഥാന സർക്കാർ പ്രളയാനന്തരം പ്രഖ്യാപിച്ച പദ്ധതികൾ സബയസ്ധിതമായി പൂർത്തിയാക്കി നൽകുന്നതോടെ ഈ മഴക്കാലത്ത് പ്രളയത്തെ ഭയക്കാതെ സ്വന്തം ഭവനങ്ങളിൽ സുരക്ഷിതമായി കിടന്നുറങ്ങാമെന്ന ആശ്വാസത്തിലാണ് ജില്ലയിലെ നിരവധി കുടുംബങ്ങൾ. സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ ജില്ലയിലുടെ വിവിധ ഭാഗങ്ങളിലായി ഒട്ടേറെ ആളുകൾക്കാണ് അവരുടെ വീടുകൾ പൂർണ്ണമായും നഷ്ടമായത്. സംസ്ഥാന സർക്കാരും സഹകരണ വകുപ്പും ചേർന്ന് ജില്ലയിൽ ആദ്യ ഘട്ടത്തിൽ 200 ന് മുകളിൽ വീടുകളാണ് ജില്ലയിൽ നിർമ്മിച്ചു നൽകുന്നത്. നാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപയാണ് ഒരു വീടിന്റെ നിർമ്മാണത്തിനായി ചിലവാകുന്നത്. പ്രളയത്തെ പ്രതിരോധിക്കാൻ കഴിയുന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഈ വീടുകൾ നിർമ്മിക്കുന്നത്.

ഇത്തരത്തിൽ ചിങ്ങോലി 1887-ാം നമ്പർ സഹകരണ ബാങ്ക് നിർമ്മിച്ചു നൽകുന്ന വീടിന്റെ താക്കോൽ ദാനം ജൂൺ 15ന് എ.എം. ആരിഫ് എം.പി. നിർവ്വഹിക്കും. ഹരിപ്പാട് ചെറുതന പാണ്ടി ചെറുവള്ളിത്തറയിൽ ഗോപാലകൃഷ്ണനും കുടുംബത്തിനുമുള്ള വീടിന്റെ നിർമ്മാണമാണ് പൂർത്തിയായിരിക്കുന്നത്. പ്രളയത്തെ പ്രതിരോധിക്കുന്നതിനായി ഭൂനിരപ്പിൽ നിന്നും നാലടിയോളം ഉയരത്തിൽ തൂണുകളിലായാണ് 550 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ വീട് നിർമ്മിച്ചിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള ഷീറ്റുകൾ ഉപയോഗിച്ചുള്ള മേൽക്കൂര, ഭാരം കുറഞ്ഞ കട്ടകൾ, തുടങ്ങി ആധുനിക സാങ്കേതിക വിദ്യ പരമാവധി ഈ വീടിന്റെ നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മൂന്ന് കിടപ്പ് മുറികളും ഹാളും അടുക്കളയും അടങ്ങുന്നതാണ് ഗോപാലകൃഷ്ണനും കുടുംബത്തിനും ലഭിക്കുന്ന ഈ വീട്.

# ജില്ലാ പഞ്ചായത്തിൽ എൻട്രൻസ് ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്റർ തുടങ്ങി

ആലപ്പുഴ: എൻജിനിയറിങ് പ്രവേശനത്തിനുള്ള ഓപ്ഷൻ നൽകുന്നതിനുള്ള ഹെൽപ്പ്

ഡെസ്ക്ക് ജില്ലാ പഞ്ചായത്തിന്റെയും പുന്നപ്ര എൻജിനിയറിങ് കോളജിൻരെയും സംയുക്താഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്തിൽ തുടങ്ങി. സൗജന്യ എൻട്രൻസ് ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ നിന്ന് കേന്ദ്ര-കേരള സർക്കാരുകളുടെ സ്കോളർഷിപ്പോടെ വിവിധ ബ്രാഞ്ചുകളിലേക്ക് പ്രവേശനം നേടുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശം ഇവിടെ നിന്ന് ലഭിക്കും. ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ ഈ സൗകര്യം വിദ്യാർഥികൾക്ക് ഉപയോഗപ്പെടുത്താം. വിശദവിവരത്തിന് ഫോൺ:04772267311, 9495211501. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കെ.സുമ, ഡോ.റൂബിൻ വർഗ്ഗീസ് തുടങ്ങിയവർ പങ്കെടുത്തു.

**(ചിത്രമുണ്ട്)**

# വാഹനം വാടകയ്ക്ക്

ആലപ്പുഴ: വനിത ശിശു സംരക്ഷണ ഓഫീസിലേക്ക് ജൂലൈ 2019 മുതൽ മാർച്ച് 2020 വരെയുള്ള കാലയളവിലെ ആവശ്യങ്ങൾക്കായി ടാക്സി പെർമിറ്റ് ഉള്ളതും ഏഴുവർഷത്തിൽ കുറവ് കാലപ്പഴക്കമുള്ളതുമായ കാർ/ജീപ്പ് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 ഉച്ചയ്ക്ക് ഒന്നുവരെ. ഫോൺ 0477-2241644.

# ടെൻഡർ ക്ഷണിച്ചു

ആലപ്പുഴ: ചമ്പക്കുളം ഐ.സി.ഡി.എസ് പ്രോജക്ടിലെ ഓഫീസ് ആവശ്യങ്ങൾക്കായി കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്ക് നൽകുന്നതിനായി താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ജൂൺ 19 വരെ ടെൻഡർ സ്വീകരിക്കും.ഫോൺ: 9495386469.

# ചാർട്ടേഡ് അക്കൗണ്ടന്റുമാരെ വേണം

ആലപ്പുഴ: ജില്ല പഞ്ചായത്ത്, ദാരിദ്യ ലഘൂകരണവിഭാഗം ഓഫീസ് വഴി നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 2018-19 വർഷത്തെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ തിരഞ്ഞെടുക്കുന്നു. സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഓഡിറ്റ് ചെയ്ത് മുൻപരിചയമുള്ള അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തെ കണക്ക് ഓഡിറ്റ് ചെയ്യുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയ അപേക്ഷ ജൂൺ 21നകം ദാരിദ്യ ലഘൂകരണ വിഭാഗം ഓഫീസിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0477-2251063.

# ഹിന്ദുസ്ഥാൻ എയറോനോട്ടിക്കൽസിൽ വിമുക്തഭടന്മാരെ നിയമിക്കുന്നു

ആലപ്പുഴ: പൊതുമേഖലസ്ഥാപനമായ ഹിന്ദുസ്ഥാൻ എയറോനോട്ടിക്കൽസ്

(എച്ച്.എ.എൽ) നവരത്ന സെൻട്രൽ എൻജിൻ ഡിവിഷൻ നിർമാണമേഖലയിലേക്ക് ആർമി, എയർഫോഴ്സ്, നേവിയിൽ നിന്നും വിരമിച്ചതും എൻജിനീയറിങ് /ടെക്നോളജി ഡിപ്ലോമയോട് കൂടി എയർക്രാഫ്റ്റ്/ഹെലികോപ്റ്ററിൽ അഞ്ച് വർഷമെങ്കിലും പ്രവർത്തിപരിചയമുള്ളതുമായ വിമുക്തഭടന്മാരെ നാല് വർഷത്തേക്ക് നിയമിക്കുന്നു. താൽപര്യമുള്ള വിമുക്തഭടന്മാർ ജൂൺ 14ന് വൈകിട്ട് നാലിനകം അവരുടെ ബയോഡേറ്റ ജില്ല സൈനികക്ഷേമ ഓഫീസിൽ നൽകണം. വിശദവിവരങ്ങൾക്ക് hr.engines@halindia.com എന്ന വെബ്സൈറ്റ് സന്ദർശിക്കാമെന്ന് ജില്ല സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു

# അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ കരാർ നിയമനം

ആലപ്പുഴ: കേരള ഫിഷറീസ് വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും അക്വാകൾച്ചർ പ്രൊമോട്ടർമാരെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.ഒഴിവുകൾ-44, ഹോണറേറിയം-10000 രൂപ. യോഗ്യത:ഫിഷറീസ് വിഷയത്തിലുള്ള വി.എച്ച്.എസ്.സി/സുവോളജി വിഷയത്തിലുള്ള ബിരുദം/എസ്.എസ്.എൽ.സി യും, കുറഞ്ഞത് മൂന്നുവർഷം ബന്ധപ്പെട്ട മേഖലയിലുള്ള പ്രവൃത്തി പരിചയം. 20 നും 56 നും ഇടയിൽ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. ബയോഡേറ്റ, ബന്ധപ്പെട്ട യോഗ്യത തെളിയിക്കുന്നതിനുള്ള പകർപ്പ് എന്നിവയോടൊപ്പം അപേക്ഷകൾ ആലപ്പുഴ മിനിസിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ജൂൺ 15ന് വൈകിട്ട് അഞ്ച് മണിയ്ക്ക് മുൻപായി ലഭിക്കണം. ബ്ലോക്ക്, ഇന്റർവ്യൂ തീയതി, സ്ഥലം, സമയം എന്നിവ യഥാക്രമം ചുവടെ: ചേർത്തല, അമ്പലപ്പുഴ, അരൂർ, ആലപ്പുഴ എന്നീ ബ്ലോക്കുകളിൽ ജൂൺ 17,ആലപ്പുഴ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഓഫീസ് 11 മണി. കാർത്തികപ്പള്ളി, മുതുകുളം, ഹരിപ്പാട്, കായംകുളം, ജൂൺ 18, കായംകുളം ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസ് 11 മണി. ചെങ്ങന്നൂർ, മാവേലിക്കര, 19, മാന്നാർ ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0477 2252814, 0477 2251103.

# ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിക്കുന്നതിന് ക്യാമ്പ് 15ന്

ആലപ്പുഴ: അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് ഭാവിയിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന സമാശ്വാസ ധനസഹായം ബാങ്ക് വഴി നൽകുന്നതിന് തൊഴിലാളികളുടെ ബാങ്ക് വിവരങ്ങൾ ശേഖരിക്കുന്നതിന് ജൂൺ 15 രാവിലെ 10 മണി മുതൽ 4 മണി വരെ കായംകുളം ഇൻസ്പെക്ടർ ഓഫിസ് പരിധിയിൽ ഗവ എൽപി എസ് കായംകുളം, പഞ്ചായത്ത് ഓഫീസ് തെക്കേക്കര,പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ താമരക്കുളം,പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പാലമേൽ നൂറനാട്, സുപ്രീം ഫാക്ടറി ആനയടി, ഗവണ്മെന്റ് ജെ ബി സ്കൂൾ തോന്നയ്ക്കാട്, വരമ്പുർ കാർഷിക വിപണി കോടുകുളഞ്ഞി എന്നീ

കേന്ദ്രങ്ങളിൽ വച്ച് ക്യാമ്പുകൾ നടത്തുന്നു. അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ എല്ലാ തൊഴിലാളികളും നിശ്ചിത കേന്ദ്രങ്ങളിൽ എത്തി ക്ഷേമനിധി കാർഡ് ,ആധാർകാർഡ് , ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പ് ,ഫോൺ നമ്പർ എന്നിവ നൽകേണ്ടതാണ്. രേഖകൾ നൽകുന്ന തൊഴിലാളികൾക്ക് മാത്രമേ ഭാവിയിൽ സമാശ്വാസ ധനസഹായങ്ങൾ ലഭിക്കുകയുള്ളു

## sXmgne[njvTnX s{Sbn\nwMv t{]m{Kmw

ആലപ്പുഴ: ഐ.ടി മേഖലയിലെ അവസരങ്ങൾക്ക് യുവതലമുറയെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഹ്രസ്വകാല തൊഴിലധിഷ്ടിത ഐ.ടി. ഇന്റേൺഷിപ്പ് ഇൻ ലിനക്സ്**, ആപ്പാച്ചേ, മൈസ്ക്വീൽ & പി.എച്ച്.പി. ട്രെയിനിംങ് പ്രോഗ്രാമിലേക്ക്** അപേക്ഷ ക്ഷണിക്കുന്നു.പരിശീലനത്തിന് പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ എറണാകുളത്തുള്ള കെൽട്രോൺ നോളേജ് സെന്ററിൽ അവസരം ഒരുക്കുന്നു. ബി.ടെക് / ബി.ഇ പൂർത്തിയായവർക്കും, ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം.കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനുമായി ബന്ധപ്പെടുക. ഫോൺ : 9207811878.

# ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ്

ആലപ്പുഴ: കേരളസർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാടുള്ള നോളഡ്ജ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിലേയ്ക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു. വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് സെന്ററിൽ അപേക്ഷ നൽകാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷഫോം ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് :0471-2325154/4016555 എന്ന ഫോൺ നമ്പറിലോ, കെൽട്രോൺ നോളജ് സെന്റർ, രൺാം നില, ചെമ്പിക്കലം ബിൽഡിങ്, ബേക്കറി-വിമൻസ് കോളജ് റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

# കെൽട്രോണിൽ തൊഴിൽ നൈപുണ്യ വികസന കോഴ്സുകൾ

ആലപ്പുഴ: കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയാ ഡിസൈനിങ് ആന്റ് ഡിജിറ്റൽ ഫിലിം മേക്കിങ് ഡിപ്ലോമ ഇൻ ഹാർഡ്‌വെയർ ആൻഡ് നെറ്റ് വർക്ക് മെയ്ന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളോജിസ്, വെബ് ഡിസൈൻ ആൻഡ് ഡെവലെപ്മെന്റ്സ്, IoT, Python, Java, .Net, PHP എന്നിവയാണ് കോഴ്സുകൾ. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന

രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് സെന്ററിൽ അപേക്ഷ നൽകാം.. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30.വിശദവിവരങ്ങൾക്ക് :0471-2325154/4016555 എന്നഫോൺ നമ്പറിലോ, കെൽട്രോൺ നോളജ്സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളജ്റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

# അന്താരാഷ്ട്ര ബാലവേല വിരുദ്ധദിനാചരണം സംഘടിപ്പിച്ചു

ആലപ്പുഴ: വനിതശിശു വികസന വകുപ്പ് ജില്ല ശിശുസംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ശരണബാല്യം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ അന്താരാഷ്ട്ര ബാലവേലവിരുദ്ധദിനം ആചരിച്ചു.വിദ്യാർഥിനികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണറാലി, ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഉപന്യാസരചനമത്സരം, തെരുവ് നാടകം എന്നിവ നടത്തി.മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ റാലി ആരംഭിച്ച് കളക്ടറേറ്റ് അങ്കണത്തിൽ എത്തുകയും തുടർന്ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളജ് എം.എസ്.ഡബ്ളിയൂ വിദ്യാർഥികൾ അവതരിപ്പിച്ച തെരുവ് നാടകം കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലും റെയിൽലേ സ്റ്റേഷനിലും അരങ്ങേറി. ഡെപ്യൂട്ടി കളക്ടർ അതുൽ സ്വാമിനാഥൻ, ഡിവൈ.എസ്.പി.ജയകുമാർ എന്നിവർ സംസാരിച്ചു.